**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2140** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് നെഗറ്റീവായി 30 ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് കോവിഡ് നെഗറ്റീവായി 30 ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങളുടെ കണക്കുകൾ ആരോഗ്യവകുപ്പിന്റെ കൈവശമുണ്ടെങ്കിൽ വ്യക്തമാക്കാമോ? | (എ) | സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2021 ഒക്ടോബർ 10-ന് കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ പൂർണ്ണമായ കണക്ക് ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ